ഉത്തരം

(എ) 70 ഒഴിവുകൾ.

(ബി) 33 പേർക്ക് നിയമന ഉത്തരവ് അയച്ചിട്ടുണ്ട്. ബാക്കിയുള്ള 37 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി&ഡി) പ്രസക്തമല്ല.

മാവൂർ സെക്ഷനിലേക്ക് മാറ്റേണ്ട പ്രദേശങ്ങൾ

13 (1681) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് കുന്ദമംഗലം നിയോജകമണ്ഡലത്തിലെ മാവൂർ. കെ.എസ്.ഇ.ബി സെക്ഷനിൽപ്പെട്ട വാഴക്കാട്, എടവണ്ണപ്പാറ പ്രദേശങ്ങൾ പുതുതായി പ്രവർത്തനമാരംഭിച്ച എടവണ്ണപ്പാറ ഡിവിഷനിൽ ഉൾപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ മാവൂരിന്റെ പരിസരപ്രദേശങ്ങളെ സൗത്ത് അരയ്ക്കോട്, അരയങ്കോട്, അരയങ്കോട് മുക്കിൽ ഭാഗങ്ങൾ, മുക്കം സെക്ഷനിൽ നിന്ന് മാറ്റി മാവൂർ സെക്ഷനിലേക്കാക്കി മാറ്റുന്ന കാര്യം പരിഗണനയിലുണ്ടോ ?

ഉത്തരം

(എ&ബി) ഉണ്ട്.

കീഴാർകുത്ത് വൈദ്യുത പദ്ധതി

14 (1683) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊടുപുഴ നിയോജകമണ്ഡലത്തിലെ ഉടുമ്പന്നൂർ പഞ്ചായത്തിലെ 'കീഴാർകുത്ത്' വൈദ്യുതി പദ്ധതിയുടെ ടെൻഡർ ആരെങ്കിലും സ്വീകരിച്ചിട്ടുണ്ടോ ; അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ;

(ബി) പ്രസ്തുത വർക്ക് എന്ന് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) മലങ്കര പവർ ഹൗസിന്റെ പണി എന്ന് പൂർത്തിയാക്കാൻ കഴിയും ; ആരാണ് പ്രസ്തുത പവർ ഹൗസിന്റെ കരാറുകാരൻ ;

(ഡി) പണി പൂർത്തിയാക്കുന്നത് സംബന്ധിച്ച കരാറിലെ കാലാവധി എന്നായിരുന്നു ;

(ഇ) കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാൻ കഴിയാത്തതിന്റെ ഉത്തരവാദിത്വം ആർക്കാണ് എന്നറിയിക്കാമോ ;

(എഫ്) സമയത്ത് പണി പൂർത്തിയാക്കാത്തതിന് എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly